(സി) ഇല്ലാത്തപക്ഷം എത്ര ഭൂമിയാണ് ഇനിയും കൈവശം കിട്ടേണ്ടത്;

(ഡി) മുഴുവൻ വസ്തുവും കൈവശം കിട്ടാതിരിക്കാനുണ്ടായ കാരണമെന്ത്;

(ഇ) മുഴുവൻ വസ്തുവും കൈവശപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) ഈ സ്ഥലം വാങ്ങിയതിനെ സംബന്ധിച്ച് വിവിധ ട്രേഡ് യൂണിയനുകൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ജി) അന്വേഷണവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 5 ഏക്കർ 2 സെന്റ് 520 ച. ലിംഗ്സ്.

(ബി)-(ഇ) എൽ.എ.സി 7 പ്രകാരം 10.6.99-ൽ മേൽപ്പറഞ്ഞ സ്ഥലം കമ്പനി ഔദ്യോഗികമായി കൈവശത്തിൽ എടുത്തിട്ടുണ്ട്. എന്നാൽ സ്ഥലത്തിനു ചുറ്റും വേലികെട്ടുവാൻ തദ്ദേശവാസികളുടെ എതിർപ്പുകാരണം ഇതുവരെ കഴിഞ്ഞിട്ടില്ല. മേൽനടപടികൾ സ്വീകരിക്കുന്നതിനായി പോലീസിന്റെ സഹായം കമ്പനി അപേക്ഷിച്ചിട്ടുണ്ട്.

(എഫ്)&(ജി) മേൽപ്പറഞ്ഞ ഭൂമിയുടെ അക്വിസിഷനുമായി ബന്ധപ്പെട്ട് ചില ചോദ്യങ്ങളും വിശദീകരണങ്ങളും ടൈറ്റാനിയും പ്രോഡക്ട്സ് ലേബർ യൂണിയൻ അവരുടെ 16.8.99-ലെ കത്തുമുഖേന ആവശ്യപ്പെട്ടു. വസ്തുതകളെ സംബന്ധിക്കുന്ന വിശദമായ പരിശോധനകൾക്കു ശേഷം യൂണിയന് 18.12.99-ൽ കമ്പനി മറുപടി നൽകിയിട്ടുണ്ട്.

"റ്റി.റ്റി.പി.യിൽ കൂടുതൽ സാധനങ്ങൾ വാങ്ങി ഉപയോഗ ശൂന്യമായവയുടെ ലിസ്റ്റിൽ പെടുത്തി ലേലം ചെയ്യുന്ന നടപടി"

16 (3087) ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ആവശ്യത്തിൽ കൂടുതൽ സാധനങ്ങൾ വാങ്ങി സ്റ്റോറിൽ സൂക്ഷിച്ചതിനുശേഷം പിന്നീട് ഇവ ഉപയോഗശൂന്യമായ സാധനങ്ങളുടെ ലിസ്റ്റിൽപ്പെടുത്തി ലേലം ചെയ്യുന്ന നടപടിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1996 മുതലുള്ള കാലയളവിൽ ഈ ഇനത്തിൽ എന്തുനഷ്ടം സംഭവിച്ചിട്ടുണ്ട്;

(സി) ഇത് ആവർത്തിക്കാതിരിക്കാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ആവശ്യത്തിൽ കൂടുതൽ സാധനങ്ങൾ വാങ്ങി സ്റ്റോറിൽ സൂക്ഷിക്കാറില്ല. കമ്പനിയിലെ വിവിധ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന ഓർഡർ അനുസരിച്ചാണ് സാധനങ്ങൾ വാങ്ങുന്നത്. കാലാകാലങ്ങളിൽ ഉപയോഗശൂന്യമായ സാധനങ്ങൾ (ഉപയോഗയോഗ്യമല്ല എന്ന് സാക്ഷ്യപ്പെടുത്തിയവ) മാത്രമാണ് ലേലത്തിൽ വിൽക്കുന്നത്.

(ബി)&(സി) ബാധകമല്ല.

ടി.ടി.പി.യിലെ ലേബർ യൂണിയൻ നൽകിയ പരാതിയിൻമേൽ നടത്തിയ അന്വേഷണം

17 (3089) ശ്രീ. ജോർജ് ജെ. മാത്യൂ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ജൂൺ മുതൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനിക്കുവേണ്ടി നടത്തിയിട്ടുള്ള വിവിധ പർച്ചേസുകളിൽ നടന്നിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ലേബർ യൂണിയൻ നൽകിയ പരാതിയിന്മേൽ കമ്പനിയിലെ വിജിലൻസ് ഓഫീസർ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഈ റിപ്പോർട്ടിന്റെ കോപ്പി വിവിധ യൂണിയനുകൾക്ക് ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പർച്ചേസ് മാന്വൽ ഉണ്ടാക്കിയിട്ടുണ്ട്.

(സി) അങ്ങനെ ഒരാവശ്യം ഉയർന്നിട്ടില്ല.

അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ

18 (3091) ശ്രീ. കെ. ബാബു :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി രാധാരാഘവൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായം അടച്ചു പൂട്ടുകയുണ്ടായി;

(ബി) ഇവ അടച്ചുപൂട്ടുന്നതിനുള്ള കാരണം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly